## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി

## എട്ടാമത് റിപ്പോർട്ട്

(2017 മേയ് 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച

സമിതി (2016-2019)

എട്ടാമത് റിപ്പോർട്ട്

679/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| റിപ്പോർട്ട് | .. | 1 |

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി
# (2016-2019)

**ഘടന**

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. എ. എം. ആരിഫ്.

<u>അംഗങ്ങൾ :</u>

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

,, പി. വി. അൻവർ

,, എൽദോ എബ്രഹാം

,, ജോർജ് എം. തോമസ്

,, എം. രാജഗോപാലൻ

,, കെ. എസ്. ശബരീനാഥൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എൽ. ജ്യോതി, അണ്ടർ സെക്രട്ടറി.

# റിപ്പോർട്ട്

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2017 മേയ് 19-ാം തീയതി വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്കുവരുന്ന അനൗദ്യോഗിക പ്രമേയങ്ങൾക്ക് സമയപരിധി നിർണ്ണയിക്കുന്ന കാര്യം 2017 മേയ് 17-ാം തീയതി ചേർന്ന സമിതി യോഗം പരിഗണിച്ചു. പ്രമേയങ്ങളുടെ ചർച്ചയ്ക്ക് സമിതി താഴെപ്പറയുന്ന പ്രകാരം സമയപരിധി ശിപാർശ ചെയ്യുന്നു:

| | | |
|---|---|---|
| (1) | ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം | സമയം 20 മിനിറ്റ് |
| (2) | ശ്രീ. എം. നൗഷാദ് നോട്ടീസ് നൽകിയ പ്രമേയം | സമയം 43 മിനിറ്റ് |
| (3) | ശ്രീ. കെ. എസ്. ശബരീനാഥൻ നോട്ടീസ് നൽകിയ പ്രമേയം | സമയം 43 മിനിറ്റ് |
| (4) | ശ്രീ. എൽദോ എബ്രഹാം നോട്ടീസ് നൽകിയ പ്രമേയം | സമയം 44 മിനിറ്റ് |

3. മുകളിൽ കൊടുത്തിരിക്കുന്ന ഏതെങ്കിലും പ്രമേയത്തിന് അനുവദിച്ചിട്ടുള്ള സമയം മുഴുവനും അതിന് ആവശ്യമില്ലാതെ വരുന്നപക്ഷം ശേഷിക്കുന്ന സമയം മറ്റിനങ്ങൾക്കുവേണ്ടി യഥാർഹം വിനിയോഗിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. 2017 മേയ് 17-ാം തീയതി ചേർന്ന യോഗത്തിലാണ് സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചത്.

5. 2017 മേയ് 19-ാം തീയതി വെള്ളിയാഴ്ച ചർച്ചയ്ക്കുവരുന്ന അനൗദ്യോഗിക പ്രമേയങ്ങൾ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

തിരുവനന്തപുരം,
2017 മേയ് 18.

എ. എം. ആരിഫ്,
*അദ്ധ്യക്ഷൻ,*
*അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി.*

അനുബന്ധം

## 2017 മേയ് 19-ാം തീയതി വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങൾ

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം |
|---|---|---|
| (1) | ശ്രീ. സി. മമ്മൂട്ടി (05/05/2017-ൽ അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം) | "സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ലബോറട്ടറികളിലും മതിയായ യോഗ്യതയില്ലാത്ത ജീവനക്കാരെ നിയമിക്കുന്ന രീതി നിയന്ത്രിക്കുന്നതിനും, പരിശോധനയ്ക്കും ചികിത്സയ്ക്കും വേണ്ടി ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന രോഗികളിൽ നിന്നും ഒരു വ്യവസ്ഥയുമില്ലാതെ അമിതഫീസ് ഈടാക്കി ചൂഷണം ചെയ്യുന്ന സ്ഥിതി വിശേഷം നിയന്ത്രിച്ച് രോഗികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസം നൽകുന്നതിനും, മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പു വരുത്തുന്നതിനും, ആവശ്യമെങ്കിൽ നിയമ നിർമ്മാണമുൾപ്പെടെയുള്ള ശക്തമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു". |
| (2) | ശ്രീ. എം. നൗഷാദ് | "വിവിധ വാണിജ്യകരാറുകൾ റബ്ബറുൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിൽ അസ്ഥിരത യുണ്ടാക്കുന്നത് കേരളത്തിന്റെ സമ്പദ്ഘടനയിൽ കനത്ത ആഘാതം ഏൽപ്പിക്കുന്നു. റബ്ബറിന്റെ കാര്യത്തിൽ അന്താരാഷ്ട്ര കമ്പോള വിലയിലുണ്ടാകുന്ന കുറവിനനുസരിച്ച് വില കുറയ്ക്കുകയും എന്നാൽ അന്താരാഷ്ട്ര കമ്പോളത്തിൽ വില ഉയരുന്ന സാഹചര്യത്തിൽ രാജ്യത്തെ ടയർ വ്യവസായികളുടെ സംഘം ആഭ്യന്തര വിപണിയിലെ വില താഴ്ത്തി നിർത്തുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഇടപെടൽ കാരണം റബ്ബറിന്റെ ഉൽപ്പാദനത്തിൽ 12.9 ശതമാനം |

| | | |
|---|---|---|
| | | കുറവുണ്ടായി. വിലസ്ഥിരത ഫണ്ട് അനുവദിച്ചും ഇറക്കുമതി ചുങ്കം വർദ്ധിപ്പിച്ചും റബ്ബർ കർഷകരെ സംരക്ഷിക്കേണ്ട അടിയന്തര സാഹചര്യത്തിൽ റബ്ബർ കർഷകർക്ക് ഗുണകരമായ രീതിയിൽ ദേശീയ റബ്ബർ നയം രൂപീകരിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി നിയന്ത്രിക്കണമെന്നും ഉൽപ്പാദന ചെലവ് കണക്കാക്കി റബ്ബറിന്റെ അടിസ്ഥാന വില പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു.". |
| (3) | ശ്രീ. കെ. എസ്. ശബരീനാഥൻ | "ഐ.ടി. അധിഷ്ഠിത തൊഴിൽ മേഖലയിൽ പുതുതായി ഉണ്ടായിട്ടുള്ള ആഗോള മാറ്റങ്ങളും, സേവന നിയമങ്ങളും സൃഷ്ടിച്ചിരിക്കുന്ന തൊഴിൽ അസ്ഥിരതയും, തൊഴിൽ സാധ്യതാ കുറവും, ഈ മേഖലയിൽ തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കാത്തതു കൊണ്ടും ഇവിടെ പണിയെടുക്കുന്ന ലക്ഷക്കണക്കിന് ആളുകൾ കനത്ത പ്രതിസന്ധി നേരിടുകയാണ്. ഐ.ടി. മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി സംസ്ഥാനത്തെ വിദ്യാസമ്പന്നരായ യുവജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ആശങ്ക വളരെ വലുതാണ്. ഈ മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനും യുവജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനും കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.". |
| (4) | ശ്രീ. എൽദോ എബ്രഹാം | "സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളുടെ നിലവാരം ഉയർത്തുന്നതിനും, ഐ.ടി.ഐ.-കളിൽ പരിശീലനം കഴിഞ്ഞവർക്കുള്ള തൊഴിൽ സാധ്യതയും വ്യാവസായിക മേഖലയിൽ അവർക്ക് തൊഴിൽ ലഭ്യത ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു." |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.